പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1751 | 16-10-2026-ൽ മറുപടിയ്ക്ക്

<u>അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം / വേതനം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. യു. ആർ. പ്രദീപ്

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം/വേതനം സമയബന്ധിതമായി വിതരണം ചെയ്യുന്നതിൽ നിലവിൽ കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കുടിശ്ശികയുടെ വിശദാംശവും എത്ര മാസത്തെ തുകയാണ് നൽകാനുള്ളതെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കാലതാമസം നേരിടുന്നില്ല. സംസ്ഥാനത്തെ അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും 2026 സെപ്റ്റംബർ മാസം വരെയുള്ള (ഒക്ടോബറിൽ വിതരണം ചെയ്യുന്നതിനുള്ള) ഓണറേറിയം വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ നിലവിൽ കുടിശ്ശിക ഇല്ല.

**(ബി)** അംഗൻവാടി ജീവനക്കാർക്ക് എല്ലാ മാസവും നിശ്ചിത തീയതിക്കകം ഓണറേറിയം ലഭ്യമാക്കുന്നതിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം എല്ലാ മാസവും 5-ാ മത്തെ പ്രവർത്തി ദിവസം തന്നെ വിതരണം ചെയ്യണം എന്ന നിർദ്ദേശം നിലവിലുണ്ട്.

കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ഓണറേറിയം/ അധിക സംസ്ഥാന വിഹിതം/ തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതം എന്നീ മൂന്നിനങ്ങൾ ഉൾപ്പെട്ടതാണ് അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ ഓണറേറിയം.

പ്രസ്തുത തുക ഉൾപ്പെടുന്ന ബില്ലുകൾ പരമാവധി ഒരേ ദിവസം തന്നെ അങ്കണവാടി പ്രവർത്തകരുടെ അക്കൗണ്ടിൽ പ്രോസസ്സ് ചെയ്ത് എത്തിക്കുന്നതിന് ആവശ്യമായ ക്രമീകരണം ഐ.സി.ഡി.എസ് തലത്തിൽ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി)** നിലവിലുള്ള മുഴുവൻ കുടിശ്ശികയും വിതരണം ചെയ്യാൻ ആവശ്യമായ ആകെ തുക എത്രയാണെന്നും ആയത് നൽകുന്നതിനായി ധനവകുപ്പിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

**മറുപടി:** (എ) പിരിവിനുള്ള മറുപിടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**